# സീറോമലബാർ ആരാധനക്രമം

## വിവാഹവാഗ്ദാനക്രമം

© All Rights reserved to the
Syro-Malabar Bishops' Synod

Imprimatur

Mount St. Thomas — **George Cardinal Alencherry**
06.01.2018 — Major Archbishop of the Syro- Malabar Church

Published by — Syro-Malabar Commission for Liturgy
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682030
Phone : 0484-2424768; 9446477924

First Print — 2018 January

Printed at — Alwaye Press, Aluva
Phone : 0484-2623318

Prot. No. 2281 / 2017

# DECREE

After due consultation and deliberation in the concerned forums and with the approval of the Synod of Bishops of the Syro-Malabar Church in its sessions held from 22nd August to 2nd September 2016 and from 9th to 14th January 2017 and after having obtained the *Recognitio* of the Congregation for the Oriental Churches on 2nd October 2017, the undersigned George Cardinal Alencherry, the Major Archbishop of the Syro-Malabar Church hereby promulgates the liturgical text of Betrothal of the Syro-Malabar Church, to be effective from 25th January 2018.

Given at Kakkanad from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas on 6th January 2018.

✠ **George Cardinal Alencherry**

Major Archbishop of the Syro-Malabar Church

# പ്രസ്താവന

പൗരസ്ത്യ സുറിയാനി ആരാധനക്രമപാരമ്പര്യത്തിലുള്ള വിവാഹ ക്രമത്തെയും സീറോമലബാർസഭയിൽ ഉപയോഗത്തിലുണ്ടായിരുന്ന വ്യത്യസ്ത വിവാഹവാഗ്ദാനക്രമടെക്സ്റ്റുകളെയും അടിസ്ഥാനമാക്കി സീറോമലബാർസഭമുഴുവനിലും ഉപയോഗിക്കാനുള്ള ഒരു വിവാഹവാഗ്ദാനക്രമം പ്രസിദ്ധീകരിക്കുന്നതിൽ സീറോമലബാർ ലിറ്റർജി കമ്മീഷന് സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

ദീർഘനാളത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷമാണ് സീറോ മലബാർ സഭയുടെ വിവാഹവാഗ്ദാനക്രമത്തിന് അന്തിമരൂപം നല്കിയത്. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റ് 2017 ജനുവരി 9 മുതൽ 14 വരെ സമ്മേളിച്ച സിനഡിൽ ചർച്ചചെയ്ത് ആവശ്യമായ ഭേദഗതികളോടെ അംഗീകരിച്ച് റോമിലേക്കയച്ചു. 2017 ഒക്ടോബർ 2-ാം തിയതി റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം ഈ വിവാഹവാഗ്ദാനക്രമത്തിന് അംഗീകാരം നല്കി (Proto. No. 184/2017). മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി 2018 ജനുവരി 6-ാം തിയതി നല്കിയ ഡിക്രി പ്രകാരം 2018 ജനുവരി 25-ാം തിയതി പ്രാബല്യത്തിൽ വരത്തക്കവിധം സീറോ മലബാർ സഭയുടെ വിവാഹവാഗ്ദാനക്രമം പ്രസീദ്ധികരിക്കുന്നു.

മാർ തോമസ് ഇലവനാൽ
ചെയർമാൻ, ആരാധനക്രമകമ്മീഷൻ
മേജർ ആർക്കിഎപ്പിസ്കോപ്പൽ സിനഡ്

ജനുവരി 06, 2018

## പൊതുനിർദേശങ്ങൾ

1. വിവാഹവാഗ്ദാനം ഒരു കൂദാശാനുകരണം മാത്രമാകയാൽ സാധാരണയായി ഈ കർമ്മം വിശുദ്ധ കുർബാനയോടനുബന്ധിച്ച് നടത്തുന്നില്ല.

2. ഞായറാഴ്ചകളിലോ, കടമുള്ള ദിവസങ്ങളിലോ ആണ് വിവാഹ വാഗ്ദാനം നടത്തുന്നതെങ്കിൽ, ഈ കർമ്മക്രമത്തിന് മുൻപോ, ശേഷമോ കുർബാന അർപ്പിക്കുന്നു.

# വിവാഹവാഗ്ദാനക്രമം

കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് ശുശ്രൂഷികളോടുകൂടെ പ്രദക്ഷിണമായി സങ്കീർത്തിയിൽ നിന്ന് വചനവേദിയിലേക്ക് വരുന്നു. വിവാഹനിശ്ചയം നടത്താനുള്ളവർ ബന്ധുമിത്രാദികളോടൊത്ത് ദേവാലയത്തിൽ പ്രവേശിച്ച് വചനവേദിയുടെ സമീപത്തേക്ക് വരുന്നു. പുരുഷൻ വലത്തുവശത്തും സ്ത്രീ ഇടത്തുവശത്തുമായി വചനവേദിയുടെ മുമ്പിൽ നില്ക്കുന്നു. സമീപത്ത് രണ്ടുസാക്ഷികളും.

**കാർമ്മി.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി (3)

**സമൂ.** ആമ്മേൻ (3)

**കാർമ്മി.** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമ്മി.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കാവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ.** ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്ന് ഉദ്ഘോഷിക്കുന്നു.

*(അല്ലെങ്കിൽ)*

**കാർമ്മി.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

(സമൂഹവും ചേർന്ന്)

അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, ആദിയിൽ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കുകയും, സ്നേഹകൂട്ടായ്മയ്ക്കും മനുഷ്യവംശത്തിന്റെ നിലനില്പിനുമായി അവരെ തമ്മിൽ യോജിപ്പിക്കുകയും ചെയ്ത അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പൂർവ്വപിതാവായ ഇസഹാക്കിനെയും അവന്റെ ജീവിതപങ്കാളിയാകാൻ തിരഞ്ഞെടുത്ത റബേക്കായെയും അനുഗ്രഹിച്ച കർത്താവേ, വിവാഹവാഗ്ദാനത്തിനായി തിരുമുമ്പിൽ അണഞ്ഞിരിക്കുന്ന ഈ ദാസരെ (പേര്) സ്വാതന്ത്ര്യമനസ്സോടും, തികഞ്ഞ സന്തോഷത്തോടും കൂടെ വിവാഹവാഗ്ദാനം നടത്തുവാൻ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

## സങ്കീർത്തനം (34: 8-14)

**കാർമ്മി.** കർത്താവ് നല്ലവനാണെന്ന് നിങ്ങൾ അനുഭവിച്ചറിയുവിൻ. (കാനോന) ഇസഹാക്കിന് ഭാര്യയെ കണ്ടെത്താൻ വഴി ഒരുക്കിയ കർത്താവേ, വിവാഹവാഗ്ദാനത്തിന് അണഞ്ഞിരിക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമേ.

കർത്താവിൽ ആശ്രയിക്കുന്നവരെല്ലാം
ഭാഗ്യവാന്മാരാകുന്നു.

ധനികർ ദരിദ്രരാകാം, വിശന്നു വലയാം
കർത്താവിനെ തേടുന്നവർക്കോ
നന്മകൾക്കൊന്നും കുറവുണ്ടാകയില്ല.

മക്കളേ, വന്നുകേൾക്കുവിൻ
ദൈവഭയം നിങ്ങളെ ഞാൻ അഭ്യസിപ്പിക്കാം.

ജീവിതം ഇഷ്ടപ്പെടുകയും
നല്ല ദിനങ്ങൾക്കായി കാംഷിക്കുകയും ചെയ്യുന്നുവോ?

എങ്കിൽ തിന്മയിൽനിന്ന് നാവിനെയും
വ്യാജഭാഷണത്തിൽനിന്ന്
അധരത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

അകൃത്യത്തിൽ നിന്നകന്ന് നന്മചെയ്യുവിൻ
സമാധാനംതേടി അതിനെ പിന്തുടരുവിൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും, ആമ്മേൻ.

**കാർമ്മി.** (കാനോന) ഇസഹാക്കിന് ഭാര്യയെ കണ്ടെത്താൻ വഴി ഒരുക്കിയ കർത്താവേ, വിവാഹവാഗ്ദാനത്തിന് അണഞ്ഞിരിക്കുന്ന ഈ ദാസരെ അനുഗ്രഹിക്കണമേ.

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**സമൂ.** സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ, വിനയമൊടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**കാർമ്മി.** *കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു; അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.*

സർവ്വാധിപനാം കർത്താവേ...,

**സമൂ.** *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും, ആമ്മേൻ.*

സർവ്വാധിപനാം കർത്താവേ...,

*(അല്ലെങ്കിൽ)*

**സമൂ.** സകലത്തിന്റെയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു; ഈശോമിശിഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, നീ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**കാർമ്മി.** *കർത്താവേ, അങ്ങേക്കു നന്ദി പറയുന്നത് ഉത്തമമാകുന്നു; അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.*

സകലത്തിന്റെയും നാഥാ...,

**സമൂ.** *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും ആമ്മേൻ.*
സകലത്തിന്റെയും നാഥാ...,

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി.** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീര ങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കു ന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു.

ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞ തയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാ കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ.** ആമ്മേൻ.

**ശുശ്രൂ.** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

**സമൂ.** പരിപാവനനാം സർവ്വേശാ,
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി.** *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*
പരിപാവനനാം സർവ്വേശാ...,

**സമൂ.** *ആദിമുതൽ എന്നേക്കും ആമ്മേൻ.*
പരിപാവനനാം സർവ്വേശാ...,

*(അല്ലെങ്കിൽ)*

**ശുശ്രൂ.** സഹോദരരേ, നിങ്ങൾ സ്വരമുയർത്തി
ജീവിക്കുന്ന ദൈവത്തെ പ്രകീർത്തിക്കുവിൻ.

**സമൂ.** പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപ യുണ്ടാകണമേ.

**കാർമ്മി.** *പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി..*
പരിശുദ്ധനായ ദൈവമേ...,

**സമൂ.** *ആദിമുതൽ എന്നേക്കും, ആമ്മേൻ.*

പരിശുദ്ധനായ ദൈവമേ...,

**ശുശ്രൂ.** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ.** ആമ്മേൻ.

## വിശുദ്ധഗ്രന്ഥവായന

സുവിശേഷഗ്രന്ഥംകൊണ്ടു ജനങ്ങളെ ആശീർവദിക്കുമ്പോൾ

**കാർമ്മി.** സമാധാനം ✠ നിങ്ങളോടുകൂടെ.

**സമൂ.** അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

**കാർമ്മി.** വി. യോഹന്നാൻ / മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

യോഹ 15:9-12

പിതാവ് എന്നെ സ്നേഹിച്ചപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ. എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് ഞാൻ അവിടത്തെ സ്നേഹത്തിൽ നിലനില്ക്കുന്നപോലെ, എന്റെ കല്പനകൾ പാലിച്ചാൽ നിങ്ങളും എന്റെ സ്നേഹത്തിൽ നിലനില്ക്കും. ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്. ഇതാകുന്നു എന്റെ കല്പന: ഞാൻ നിങ്ങളെ സ്നേഹിച്ചപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം.

*അല്ലെങ്കിൽ*

മത്താ 6:25-33

അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെ ക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്ക ണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ? ആകാശപ്പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീററിപ്പോററുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണു നിങ്ങൾ! ഉത്കണ്ഠമൂലം ആയുസ്സ് ഒരു വിനാഴികയെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? വസ്ത്രത്തെപ്പററിയും നിങ്ങൾ എന്തിന് ആകുലരാകുന്നു? വയലിലെ ലില്ലികൾ എങ്ങനെ വളരുന്നു എന്നു നോക്കുക; അവ അദ്ധ്വാനിക്കുന്നില്ല, നൂല്ക്കുന്നുമില്ല. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സോളമൻ പോലും തന്റെ സർവമഹത്ത്വത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ പുല്ലിനെ ദൈവം ഇപ്രകാരം അലങ്കരിക്കുന്നെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അവിടന്ന് എത്രയധികം അലങ്കരിക്കുകയില്ല! അതിനാൽ എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും, എന്തു ധരിക്കും എന്നു വിചാരിച്ചു നിങ്ങൾ ആകുലരാകേണ്ടാ. വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്കിവയെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ

സ്വർഗീയപിതാവ് അറിയുന്നു. നിങ്ങളാകട്ടെ, ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുവിൻ. അതോടൊപ്പം മററുള്ളവയെല്ലാം നിങ്ങൾക്കു നല്കപ്പെടും.

**സമൂ.** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## സുവിശേഷസന്ദേശം

## കാറോസൂസാ

*(ശുശ്രൂഷി പ്രഘോഷണപീഠത്തിങ്കൽ നിന്നുകൊണ്ട് കാറോസൂസ ആരംഭിക്കുന്നു.)*

**ശുശ്രൂ.** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ, വിവാഹവാഗ്ദാനത്തിനായി ഒരുങ്ങിനില്ക്കുന്ന ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ എന്ന് പ്രാർത്ഥിക്കാം

**സമൂ.** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ

**ശുശ്രൂ.** വിവാഹവാഗ്ദാനം ചെയ്യുന്ന ഈ ദാസരെ ആശീർവദിക്കുകയും, ഇവർ ചെയ്യുന്ന വാഗ്ദാനമനുസരിച്ച് വിവാഹിതരാകുവാനുള്ള കൃപ ഇവർക്ക് നല്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ക്രൈസ്തവവിശ്വാസത്തിലും ഹൃദയവിശുദ്ധിയിലും അധിഷ്ഠിതമായ വിവാഹജീവിതം നയിക്കുവാൻ ഇവരെ സജ്ജരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** ക്രിസ്തീയ കുടുംബജീവിതത്തിന്റെ കടമകൾ മനസ്സിലാക്കി വിവാഹത്തിലേക്ക് പ്രവേശിക്കുവാൻ ഈ

ദാസരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** വിവാഹമെന്ന കൂദാശ ദമ്പതികൾ തമ്മിലും ദൈവവുമായും നടത്തുന്ന ഉടമ്പടിയും, മരണംവരെ നിലനില്ക്കുന്ന ബന്ധവുമാണെന്ന ബോധ്യത്തോടെ അത് സ്വീകരിക്കുവാൻ ഈ ദാസരെ ഒരുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ.** കർത്താവേ, ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ.

**ശുശ്രൂ.** നമുക്കെല്ലാവർക്കും നമ്മെയും നാമോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ.** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി.** ഞങ്ങളുടെ കർത്താവായ ദൈവമേ, വിവാഹവാഗ്ദാനം ചെയ്യുവാനായി തിരുമുമ്പിൽ അണഞ്ഞിരിക്കുന്ന അങ്ങയുടെ ഈ ദാസരുടെമേൽ കരുണയുണ്ടാകണമേ. ഇവരുടെ വാഗ്ദാനം പൂർത്തിയാക്കുവാനും അങ്ങേക്ക് പ്രീതികരമായ ജീവിതം നയിക്കുവാനും വേണ്ട അനുഗ്രഹം ഇവർക്ക് നല്കണമേ. ഇവരെയും ഇവരുടെ കുടുംബാംഗങ്ങളെയും സ്നേഹത്തിലും ഐക്യത്തിലും കാത്തുസംരക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ.** ആമ്മേൻ.

**കാർമ്മി.** ശരിയായ അറിവോടും സ്വതന്ത്രമായ മനസ്സോടും പൂർണ്ണമായ സമ്മതത്തോടുംകൂടി മാത്രമേ വിവാഹനിശ്ചയത്തിലേർപ്പെടാൻ പാടുള്ളുവെന്ന് നിങ്ങൾ

മനസ്സിലാക്കിയിട്ടുണ്ടല്ലോ. നിങ്ങളുടെ ഈ വിവാഹ നിശ്ചയം പരസ്യമായി പ്രഖ്യാപിക്കാനുള്ള അവസരം തിരുസഭ നിങ്ങൾക്ക് നല്കുകയാണ്.

*(കാർമ്മികൻ വരന്റെ പേര് വിളിച്ചുകൊണ്ട് ചോദിക്കുന്നു)*

**കാർമ്മി.** (വരന്റെ പേര്) മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് വിവാഹമെന്ന കൂദാശയിലൂടെ (വധുവിന്റെ പേര്) നിന്റെ ഭാര്യയായി സ്വീകരിച്ചു കൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**മറുപടി.** ഞാൻ വാഗ്ദാനം ചെയ്യുന്നു.

*(കാർമ്മികൻ വധുവിന്റെ പേര് വിളിച്ചുകൊണ്ട് ചോദിക്കുന്നു)*

**കാർമ്മി.** (വധുവിന്റെ പേര്) മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് വിവാഹമെന്ന കൂദാശയിലൂടെ (വരന്റെ പേര്) നിന്റെ ഭർത്താവായി സ്വീകരിച്ചു കൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

**മറുപടി.** ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കാർമ്മി.** (സാക്ഷികളോട്) ഈ വിവാഹവാഗ്ദാനത്തിന് നിങ്ങൾ സാക്ഷികളാണല്ലോ?

**മറുപടി.** ഞങ്ങൾ സാക്ഷികളാണ്.

**കാർമ്മി.** വിവാഹവാഗ്ദാനം നടത്തിയ നിങ്ങളെ (പേര്) മിശിഹാ അനുഗ്രഹിച്ച് ആശീർവദിക്കുകയും ഈ വാഗ്ദാനം നിറവേറ്റുവാൻ നിങ്ങളെ സഹായിക്കുകയും ചെയ്യട്ടെ. *(വിശുദ്ധ ജലം തളിക്കുന്നു)*

**സമൂ.** ആമ്മേൻ.

**കാർമ്മി.** സഭയെ നിർമ്മല വധുവായി സ്വീകരിച്ച കർത്താവായ മിശിഹായേ, വിവാഹവാഗ്ദാനം ചെയ്ത ഈ ദാസരുടെമേൽ അങ്ങയുടെ കാരുണ്യത്തിന്റെ വലംകൈ നീട്ടണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ നാഥനായ

മാർ യൗസേപ്പിന്റെയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥന ഇവരുടെ വാഗ്ദാനത്തെ സഫലമാക്കട്ടെ. സകല വിശുദ്ധരുടെയും, വിശിഷ്യാ, ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം ഇവർക്ക് സംരക്ഷണവും സഹായവുമായിരിക്കട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂ.** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

*(കാർമ്മികൻ ഹൂത്താമ ചൊല്ലിക്കൊണ്ട് വിവാഹാർത്ഥികളെ ആശീർവ്വദിക്കുന്നു)*

## ഹൂത്താമ

**കാർമ്മി.** ദൈവത്തിന്റെ പരിപാലനയിൽ നിങ്ങൾ ചെയ്ത ഈ വിവാഹവാഗ്ദാനത്തെ അവിടുന്ന് തന്റെ വചനത്താൽ ശക്തിപ്പെടുത്തുകയും, സ്നേഹത്തിന്റെ കല്പനയാൽ സുസ്ഥിരമാക്കുകയും കരുണയാൽ പൂർത്തിയാക്കുകയും ചെയ്യട്ടെ. അബ്രാഹത്തെയും സാറായെയും, ഇസഹാക്കിനെയും റബേക്കായെയും, യാക്കോബിനെയും റാഹേലിനെയും സംയോജിപ്പിച്ച ദൈവം നിങ്ങളുടെ വാഗ്ദാനത്തെ വിശ്വാസത്തിലും സത്യത്തിലും സ്നേഹത്തിലും മനസ്സിന്റെ ഐക്യത്തിലും മുദ്രിതമാക്കട്ടെ. തീക്ഷ്ണമായ പ്രാർത്ഥനയോടും ആത്മീയമായ ഒരുക്കത്തോടുംകൂടെ വിവാഹമെന്ന കൂദാശയ്ക്കായി അണയുവാൻ ദൈവം നിങ്ങളെ ശക്തിപ്പെടുത്തട്ടെ. നിങ്ങളെയും നിങ്ങളെ സ്നേഹത്തിൽ വളർത്തിയ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ തിരുക്കർമ്മത്തിൽ പങ്കെടുത്ത എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

**സമൂ.** ആമ്മേൻ.